## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 681 28.02.2017 ൽ മറുപടിപറയേണ്ടിയിരുന്നത്**

### ട്രാവൻകൂർ സിമന്റ്സിന് ധനസഹായം

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ (റ്റി.സി.എൽ) വൈദ്യുതി വിച്ഛേദിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൈദ്യുതി കുടിശ്ശിക ഇനത്തിൽ എത്ര തുകയാണ് റ്റി.സി.എൽ വൈദ്യുതി ബോർഡിന് നൽകുവാനുള്ളത്; പ്രസ്തുത സ്ഥാപനത്തെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) ഉണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിലെ കുടിശ്ശിക യഥാസമയം അടയ്ക്കാത്തതിനാൽ 02.02.2017-ന് റ്റി.സി.എൽ.-ന്റെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയുണ്ടായി. എന്നാൽ 04.02.2017-ൽ പത്ത് ലക്ഷം രൂപ അടച്ചതിനാൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തു.<br>വൈദ്യുതി കുടിശ്ശിക ഇനത്തിൽ<br>മുതൽ: ₹77,53,102<br>പലിശ: ₹1,27,00,572<br>ആകെ: ₹2,04,53,674<br>ആണ് വൈദ്യുതി ബോർഡിന് നൽകുവാനുള്ളത്<br>കുടിശ്ശിക തുകയായ 2,04,53,674/- (രണ്ട് കോടി നാല് ലക്ഷത്തി അൻപത്തി മൂവായിരത്തി അറുനൂറ്റി എഴുപത്തിനാല് രൂപ) അടച്ചു തീർക്കുന്നതിനായി വൈദ്യുതി ബോർഡിൽ ഇപ്പോൾ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ 6 ശതമാനം പലിശയിളവ് ഉൾപ്പെടെയുള്ള നടപടികളെപ്പറ്റി അറിയിപ്പ് നൽകിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോട്ടയം ട്രാവൻകൂർ സിമന്റ്സിന് എത്ര കോടി രൂപയുടെ ധനസഹായം നൽകി. | (ബി) 18 കോടി 43 ലക്ഷം രൂപയുടെ ധനസഹായം നൽകി. |
| (സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര തുക നൽകി എന്ന് അറിയിക്കുമോ? | (സി) 146 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ